# ആകാശവാണി, തിരുവനന്തപുരം

## പ്രാദേശിക വാർത്തകൾ

**DATE: 05.12.2025** | പ്രധാന വാർത്തകൾ | **TIME: 06.30 PM**

1) പ്രധാനമന്ത്രി നരേന്ദ്രമോദിയും റഷ്യൻ പ്രസിഡൻറ് വ്ളാഡിമിർ പുടിനുമായി ന്യൂഡൽഹിയിൽ കൂടിക്കാഴ്ച നടത്തി. ആഗോള വെല്ലുവിളികളെ നേരിടാൻ ഇന്ത്യ-റഷ്യ സൗഹൃദം പരസ്പരം കരുത്ത് പകരുന്നതായി പ്രധാനമന്ത്രി .

2) ശീതകാല സമ്മേളനത്തിൻറെ അഞ്ചാം ദിവസം നടപടിക്രമങ്ങൾ പൂർത്തിയാക്കി പാർലമെൻറിൻറെ ഇരുസഭകളും ഇന്നത്തേക്ക് പിരിഞ്ഞു. പാൻമസാല ഉത്പന്നങ്ങൾക്ക് സെസ്സ് ഏർപ്പെടുത്തിക്കൊണ്ടുള്ള ബിൽ ലോക്സഭ പാസ്സാക്കി.

3) തദ്ദേശ തിരഞ്ഞെടുപ്പിനുള്ള പ്രചാരണം സംസ്ഥാനത്ത് പുരോഗമിക്കുന്നു. ഒന്നാംഘട്ടത്തിൽ വോട്ടെടുപ്പ് നടക്കുന്ന 7 ജില്ലകളിൽ പരസ്യപ്രചാരണം മറ്റന്നാൾ അവസാനിക്കും

4) വിമാന സർവീസുകൾ കൂട്ടായി റദ്ദാക്കുന്ന സാഹചര്യം നേരിടാൻ അടിയന്തര നടപടി സ്വീകരിച്ച് വ്യോമയാന മന്ത്രാലയം. പൈലറ്റുമാരുടെ ഡ്യൂട്ടി സമയം സംബന്ധിച്ച നിബന്ധന ഡി.ജി.സി.എ പിൻവലിച്ചു.

5) ദ്വൈമാസ ധനനയം പ്രഖ്യാപിച്ച് റിസർവ് ബാങ്ക്. റിപ്പോ നിരക്കിൽ കാൽ ശതമാനം ഇളവ് വരുത്തി.

******************

## പിഎം-വ്ളാഡിമർ പുടിൻ (ഇൻട്രോ)

ആഗോള വെല്ലുവിളികളെ നേരിടാൻ ഇന്ത്യ-റഷ്യ സൗഹൃദം പരസ്പരം കരുത്ത് പകരുന്നതായി പ്രധാനമന്ത്രി നരേന്ദ്രമോദി. 23-മത് ഇന്ത്യ റഷ്യ വാർഷിക ഉച്ചകോടിക്ക് പിന്നാലെ, റഷ്യൻ പ്രസിഡൻറ് വ്ളാഡിമിർ പുടിനൊപ്പം സംയുക്ത വാർത്താ സമ്മേളനം നടത്തുകയായിരുന്നു പ്രധാനമന്ത്രി. മാനവരാശിക്കും, ആഗോള ഐക്യത്തിനും ഭീഷണിയായ ഭീകരവാദം അടക്കമുള്ള വെല്ലുവിളികളെ ഇരു രാജ്യങ്ങളും യോജിച്ചാണ് നേരിടുന്നതെന്നും ശ്രീ മോദി പറഞ്ഞു. ഇന്ത്യയോട് റഷ്യ പുലർത്തുന്ന ഗാഢ സൗഹൃദത്തിന് വ്ളാഡിമിർ പുടിന് പ്രധാനമന്ത്രി നന്ദി രേഖപ്പെടുത്തി.

(ഹോൾഡ്)

റഷ്യയ്ക്കും യുക്രൈനുമിടയിലെ സുസ്ഥിര സമാധാനത്തിനായി നടന്നു വരുന്ന ശ്രമങ്ങളെ ശ്രീ മോദി സ്വാഗതം ചെയ്തു. സ്വതന്ത്ര വ്യാപാര കരാർ സംബന്ധിച്ച ചർച്ചകൾ എത്രയും വേഗം പൂർത്തീകരിക്കാനാണ് ഇരുരാജ്യങ്ങളും ശ്രമിക്കുന്നതെന്നും പ്രധാനമന്ത്രി പറഞ്ഞു. പ്രതിരോധം, വ്യാപാരം, സമ്പദ് വ്യവസ്ഥ, ആരോഗ്യം തുടങ്ങി വിവിധ മേഖലകളിലെ 16 ധാരണാപത്രങ്ങളിലും ഇരു രാജ്യങ്ങളും ഒപ്പുവച്ചു. ഇന്ത്യ-റഷ്യ ബിസിനസ്സ് ഫോറത്തിലും ഇരു നേതാക്കളും പങ്കെടുത്തു.

******************

## പുടിൻ സ്വീകരണം

റഷ്യൻ പ്രസിഡൻറ് വ്ളാഡിമിർ പുടിന് രാഷ്ട്രപതി ഭവനിൽ ഇന്ന് ഔദ്യോഗിക സ്വീകരണം നൽകി. രാഷ്ട്രപതി ദ്രൗപദി മുർമുവും പ്രധാനമന്ത്രി നരേന്ദ്രമോദിയും ചേർന്നാണ് പുടിനെ സ്വീകരിച്ചത്. ആദരസൂചകമായി അദ്ദേഹത്തിന് ഗാർഡ് ഓഫ് ഓണറും നൽകി. രാജ്ഘട്ടിൽ രാഷ്ട്രപിതാവ് മഹാത്മാ ഗാന്ധിയ്ക്ക് പുടിൻ ആദരം അർപ്പിച്ചു. രാഷ്ട്രപതി ദ്രൗപദി മുർമു ഒരുക്കുന്ന ഔദ്യോഗിക വിരുന്നിലും അദ്ദേഹം ഇന്ന് പങ്കെടുക്കും

******************

## <u>പാർലമെൻറ്</u>

ശീതകാല സമ്മേളനത്തിൻറെ അഞ്ചാം ദിവസം നടപടിക്രമങ്ങൾ പൂർത്തിയാക്കി പാർലമെൻറിൻറെ ഇരുസഭകളും ഇന്നത്തേക്ക് പിരിഞ്ഞു. ആരോഗ്യസുരക്ഷ ദേശീയ സുരക്ഷ സെസ് ബിൽ ലോക്സഭ ഇന്ന് പാസ്സാക്കി. പാൻമസാലയ്ക്കും, സമാനവിധത്തിൽ ഹാനികരമായ ഉത്പന്നങ്ങൾക്കും സെസ്സ് ഏർപ്പെടുത്താൻ ബിൽ വ്യവസ്ഥ ചെയ്യുന്നു. ഇതിൽ നിന്നും ലഭിക്കുന്ന തുക പൊതുജനാരോഗ്യത്തിനും, ദേശീയ സുരക്ഷയ്ക്കും വേണ്ടി ചിലവഴിക്കും. ആരോഗ്യത്തിന് ദോഷം ചെയ്യുന്ന വസ്തുക്കളുടെ ഉപഭോഗം നിരുത്സാഹപ്പെടുത്താനാണ് ബിൽ കൊണ്ടുവന്നതെന്ന് ധനമന്ത്രി നിർമല സീതാരാമൻ ലോക്സസഭയിൽ പറഞ്ഞു. 40 ശതമാനം ജി.എസ്.ടി യ്ക്ക് പുറമേയാണ് പാൻ മസാല ഉത്പന്നങ്ങൾക്ക് സെസ്സ് ഏർപ്പെടുത്തുന്നത്.

*******************

## <u>സംസ്ഥാന തിരഞ്ഞെടുപ്പ്- പരസ്യപ്രചാരണം</u>

തദ്ദേശ തിരഞ്ഞെടുപ്പിൻറെ ഒന്നാംഘട്ടത്തിൽ വോട്ടെടുപ്പ് നടക്കുന്ന 7 ജില്ലകളിൽ പരസ്യപ്രചാരണം മറ്റന്നാൾ വൈകുന്നേരം 6 മണിക്ക് അവസാനിക്കും. തിരുവനന്തപുരം മുതൽ എറണാകുളം വരെയുള്ള ജില്ലകളിലാണ് ഈ മാസം 9 ന് വോട്ടെടുപ്പ്. പരസ്യപ്രചാരണം അവസാനിക്കുന്ന സമയത്ത് രാഷ്ട്രീയപാർട്ടികൾ നടത്തുന്ന കൊട്ടിക്കലാശം പോലുള്ള പരിപാടികൾ സമാധാനപരമായിരിക്കണമെന്നും, ക്രമസമാധാനപ്രശ്നങ്ങൾ ഉണ്ടാകാതെ ശ്രദ്ധിക്കണമെന്നും സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ എ ഷാജഹാൻ നിർദേശിച്ചു. പൊതുജനങ്ങൾക്ക് മാർഗ്ഗ തടസ്സം സൃഷ്ടിച്ചു കൊണ്ടുള്ള സമാപന പരിപാടികൾ പാടില്ല. ശബ്ദ നിയന്ത്രണമില്ലാതെയുള്ള അനൗൺസ്മെൻറുകളും, പ്രചാരണ ഗാനങ്ങളും കർശനമായി നിയന്ത്രിക്കാനും ജില്ലാ കളക്ടർമാർക്കും പോലീസിനും നിർദ്ദേശം നൽകിയിട്ടുണ്ട്. പരസ്യപ്രചാരണത്തിന്റെ സമാപനത്തിലും മാതൃകാ പെരുമാറ്റ ചട്ടവും ഹരിതച്ചട്ടവും പാലിക്കുന്നുണ്ടെന്ന് സ്ഥാനാർത്ഥികളും രാഷ്ട്രീയ പാർട്ടികളും ഉറപ്പുവരുത്തണം. തൃശൂർ മുതൽ കാസർഗോഡ് വരെയുള്ള 7

ജില്ലകളിൽ ഡിസംബർ 11 നാണ് വോട്ടെടുപ്പ്. വോട്ടെണ്ണൽ 13 ന് നടക്കും. ഊർജ്ജിതമായ പ്രചാരണ പരിപാടികളാണ് വാർഡുകളിൽ നടക്കുന്നത്. സ്ഥാനാർത്ഥികൾ പങ്കെടുക്കുന്ന റോഡ് ഷോകളും, വോട്ടർമാരെ നേരിൽക്കണ്ടുള്ള വോട്ടഭ്യർത്ഥനയും സജീവമായി പുരോഗമിക്കുകയാണ്.

******************

## തെരഞ്ഞെടുപ്പ് -കാസർഗോഡ് (ഇൻട്രോ)

അട്ടിമറി വിജയങ്ങൾക്ക് എപ്പോഴും സാക്ഷ്യം വഹിച്ച കാസർഗോഡ് ജില്ലയിൽ ഇക്കുറി മൂന്ന് മുന്നണികളും പ്രചാരണത്തിൽ ഒപ്പത്തിനൊപ്പമാണ്.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി കാസർഗോഡ് പ്രതിനിധി പി. ജഗന്നിവാസൻ.

(വോയ്സ്)

******************

## സംസ്ഥാന മീഡിയ റിലേഷൻസ് കമ്മിറ്റി

തദ്ദേശ പൊതുതിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട മാധ്യമ സംബന്ധിയായ കാര്യങ്ങൾ പരിശോധിച്ച് തീർപ്പാക്കുന്നതിന് രൂപീകരിച്ച മീഡിയ റിലേഷൻസ് കമ്മിറ്റിയുടെ യോഗം സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ ആസ്ഥാനത്ത് ചേർന്നു. കമ്മിറ്റിയ്ക്ക് മുൻപാകെ ലഭിച്ച പരാതികളും ആക്ഷേപങ്ങളും യോഗം പരിശോധിച്ചു. വേഗത്തിൽ തീർപ്പാക്കേണ്ട പരാതികൾ ബന്ധപ്പെട്ട ജില്ലയിലെ ഉദ്യോഗസ്ഥർക്ക് തുടർനടപടിക്കായി കൈമാറി.

******************

## സിവിൽ ഏവിയേഷൻ- റാം മോഹൻ നായിഡു

ഇൻഡിഗോ ആഭ്യന്തര വിമാന സർവീസുകൾ കൂട്ടായി റദ്ദാക്കുന്ന സാഹചര്യം നേരിടാൻ സർക്കാർ കൃത്യമായ നടപടികൾ സ്വീകരിച്ചതായി കേന്ദ്ര വ്യോമയാന മന്ത്രി റാം മോഹൻ നായിഡു. പൈലറ്റുമാരുടെ ഡ്യൂട്ടി സമയം സംബന്ധിച്ച ഡി.ജി.സി.എ നിബന്ധന പിൻവലിച്ചതായി മന്ത്രി അറിയിച്ചു. യാത്രക്കാരുടെ താത്പര്യം പരിഗണിച്ചാണ് തീരുമാനം. നാളെയോടെ വിമാന സർവീസുകൾ സാധാരണ നിലയിലേക്ക്

മടങ്ങിത്തുടങ്ങുമെന്നും മന്ത്രി പറഞ്ഞു. മൂന്ന് ദിവസത്തിനുള്ളിൽ സർവീസുകൾ പൂർവസ്ഥിതിയിലെത്തും. വിമാന സർവീസുകളെക്കുറിച്ചുള്ള തത്സ്ഥിതി വിവരങ്ങൾ യാത്രക്കാരെ കൃത്യമായി അറിയിക്കാൻ സംവിധാനമൊരുക്കാനും മന്ത്രാലയം എയർലൈനുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. സ്ഥിതിഗതികൾ നിരീക്ഷിക്കാൻ വ്യോമയാന മന്ത്രാലയം 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂം

തുറന്നതായും കേന്ദ്രമന്ത്രി അറിയിച്ചു. പ്രതിസന്ധി അന്വേഷിക്കാൻ നാലംഗ സമിതിയെയും കേന്ദ്രസർക്കാർ നിയോഗിച്ചു.

******************

## വിമാന സർവ്വീസ് (ഇൻട്രോ)

ഇൻഡിഗോ ആഭ്യന്തര വിമാന സർവ്വീസുകളുടെ റദ്ദാക്കലിൻറെയും വൈകലിൻറെയും പശ്ചാത്തലത്തിൽ തിരുവനന്തപുരം വിമാനത്താവളത്തിൽ കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തി.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി ലേഖകൻ സ്മിതി എം പള്ളുരുത്തി.

(വോയ്സ്)

******************

## റിപ്പോ നിരക്ക്

ദ്വൈമാസ ധനനയം പ്രഖ്യാപിച്ച് റിസർവ് ബാങ്ക് ഓഫ് ഇന്ത്യ. റിപ്പോ നിരക്കിൽ 25 അടിസ്ഥാന പോയിൻറുകളുടെ കുറവ് വരുത്തി. ഇതോടെ റിപ്പോ നിരക്ക് 5.5 ൽ നിന്നും 5.25 ശതമാനമായി കുറഞ്ഞു. ഭവന, വാഹന വായ്പകളുടെ പലിശ നിരക്ക് ഇതിലൂടെ കുറയും .

******************

## മന്ത്രി ആർ. ബിന്ദു-വിസി നിയമനം

വൈസ് ചാൻസലർ നിയമനത്തിൽ കേരള സർക്കാരും, ഗവർണറും സമവായത്തിലെത്തിയില്ലെങ്കിൽ, കോടതി തന്നെ ഇക്കാര്യത്തിൽ തീരുമാനമെടുക്കുമെന്ന് സുപ്രീംകോടതി . എപിജെ അബ്ദുൾ കലാം സാങ്കേതിക സർവകലാശാലയിലെയും, ഡിജിറ്റൽ സർവകലാശാലയിലെയും വി.സി നിയമനവുമായി ബന്ധപ്പെട്ട

വിഷയം പരിഗണിക്കവേയാണ് സുപ്രീംകോടതി ഇക്കാര്യം വ്യക്തമാക്കിയത്. അടുത്ത വ്യാഴാഴ്ച വിഷയം കോടതി വീണ്ടും പരിഗണിക്കും. സാങ്കേതിക സർവകലാശാലാ വിസി നിയമനത്തിൽ സുപ്രീം കോടതിയാണ് അന്തിമ തീരുമാനമെടുക്കേണ്ടതെന്നും, കോടതി തീരുമാനം സംസ്ഥാന സർക്കാർ അംഗീകരിക്കുമെന്നും ഉന്നതവിദ്യാഭ്യാസ മന്ത്രി ആർ. ബിന്ദു പറഞ്ഞു.

*****************

<u>ശബരിമല -തിരക്ക്</u>

ശബരിമലയിൽ ഭക്തജനത്തിരക്ക് തുടരുന്നു. ഇന്ന് വൈകിട്ട് ആറു മണി വരെ 75,075 തീർഥാടകരാണ് ദർശനം നടത്തിയത്. സന്നിധാനം, പമ്പ, നിലയ്ക്കൽ എന്നിവിടങ്ങളിൽ ഇന്നും നാളെയും അധിക സുരക്ഷാ ക്രമീകരണങ്ങൾ ഏർപ്പെടുത്തിയതായി സന്നിധാനം പോലീസ് സ്പെഷ്യൽ ഓഫീസർ ആർ. ശ്രീകുമാർ അറിയിച്ചു. ഇന്നും നാളെയും രാത്രി 11ന് നട അടച്ചു കഴിഞ്ഞാൽ രാവിലെ മാത്രമേ ഭക്തരെ പതിനെട്ടാം പടി കയറാൻ അനുവദിക്കൂ.

ക്രമീകരണങ്ങളോട് എല്ലാവരും പൂർണ്ണമായി സഹകരിക്കണമെന്ന് പോലീസ് അഭ്യർത്ഥിച്ചു.

*****************

<u>കൊട്ടിയം-അപകടം</u>

കൊട്ടിയം മൈലക്കാട് നിർമ്മാണത്തിലിരിക്കുന്ന ദേശീയപാത തകർന്ന് തിരുവനന്തപുരം ഭാഗത്തേക്കുള്ള ഗതാഗതം തടസപ്പെട്ടു. വാഹനങ്ങൾ കൊട്ടിയം - കണ്ണനല്ലൂർ ജംങ്ഷൻ വഴി തിരുവനന്തപുരത്തേക്ക് വഴി തിരിച്ച് വിട്ടു. . റോഡ് തകർന്ന് കുടുങ്ങിയ വാഹനങ്ങൾ ക്രെയിൻ ഉപയോഗിച്ച് നീക്കം ചെയ്യാൻ ശ്രമം ആരംഭിച്ചു. റോഡ് ഗതാഗത യോഗ്യമാക്കാൻ ആഴ്ചകൾ വേണ്ടിവരും.

*****************

## ഓഹരി -സ്വർണ്ണം

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടം. സെൻസെക്സ് 447 പോയിന്റ് ഉയർന്ന് 85, 712 ലും നിഫ്റ്റി 152 പോയിന്റ് നേട്ടത്തിൽ 26,186 ലും വ്യാപാരം അവസാനിപ്പിച്ചു.

സ്വർണ വില ഗ്രാമിന് 25 രൂപ വർധിച്ച് 11,910 രൂപയും പവന് 95,280 രൂപയുമായി.

******************

**************

******